# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3168 — 11.12.14 ൽ - മറുപടിക്ക്

### സമ്പൂർണ്ണ കമ്പ്യൂട്ടർവത്ക്കരണ പദ്ധതി നടപ്പാക്കുന്നതിന് ഐക്യരാഷ്ട്ര സഭയുടെ സഹകരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ആർ. സെൽവരാജ്<br>,, ഐ.സി. ബാലകൃഷ്ണൻ<br>,, വർക്കല കഹാർ<br>,, റ്റി. എൻ. പ്രതാപൻ | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് പൊതുവിതരണ സംവിധാനത്തിന്റെ സമഗ്ര വികസനത്തിന് സമ്പൂർണ്ണ കമ്പ്യൂട്ടർവത്ക്കരണ പദ്ധതി നടപ്പാക്കുന്നതിന് ഐക്യരാഷ്ട്ര സഭയുടെ സഹകരണം തേടാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) പൊതുവിതരണ സമ്പ്രദായത്തിന്റെ സമഗ്ര വികസനത്തിന് ഐക്യരാഷ്ട്ര സഭയുടെ ഒരനുബന്ധ സംഘടനയായ വേൾഡ് ഫുഡ് പ്രോഗ്രാമിന്റെ (WFP) സഹകരണം ലഭിച്ചു വരുന്നുണ്ട്. |
| (ബി) ഇതിനായി വേൾഡ് ഫുഡ് പ്രോഗ്രാമുമായി ധാരണാപത്രം ഒപ്പു വച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാമെന്ന് അറിയിക്കുമോ; | (ബി) വേൾഡ് ഫുഡ് പ്രോഗ്രാമുമായി 26.02.2014-ന് ഒരു ധാരണാപത്രം ഒപ്പു വച്ചിട്ടുണ്ട്. പൊതുവിതരണ സമ്പ്രദായത്തിന്റെ ശാക്തീകരണം, വകുപ്പിന്റെ വിവിധ ആവശ്യങ്ങൾക്കായുള്ള RFP (Request for Proposal) തുടങ്ങിയ രേഖകൾ തയ്യാറാക്കുന്നതിന് സഹായം നൽകുക, പ്രോജക്ടിന്റെ വിവിധ പങ്കാളികളുമായുള്ള ഫലപ്രദമായ സഹകരണം ഉറപ്പു വരുത്തുക, വേൾഡ് ഫുഡ് പ്രോഗ്രാം മറ്റിടങ്ങളിൽ ഫലപ്രദമായി നടപ്പാക്കിയ പ്രോജക്ട് വിവരങ്ങൾ പങ്കുവയ്ക്കുക, മറ്റു സാങ്കേതിക ഉപദേശങ്ങൾ നൽകുക തുടങ്ങിയവ ഇതിലുൾപ്പെടുന്നു. |

| | | | |
|---|---|---|---|
| (സി) | എന്തെല്ലാം സഹായങ്ങളാണ് പ്രസ്തുത കരാർ വഴി ലഭിക്കുന്നത്; വിശദമാക്കുമോ; | (സി) & (ഡി) | വേൾഡ് ഫുഡ് പ്രോഗ്രാം ഒരു പ്രോജക്ട് അഡ്വൈസറിനെ പൂർണ്ണമായും സിവിൽ സപ്ലൈസ് വകുപ്പിനായി നിയമിച്ചിട്ടുണ്ട്. റേഷൻ വ്യാപാരികളുടെ **Viability** (സാമ്പത്തിക ക്ഷമത) സംബന്ധിച്ച പഠനം **WFP** യുടെ നേതൃത്വത്തിൽ നടന്നു വരുന്നു. ഇതു കൂടാതെ ഒരു ടെക്നോളജി വിദഗ്ധന്റെ സേവനം ലഭ്യമാക്കുന്നതിന് **WFP** തയ്യാറായിട്ടുണ്ട്. ഇതിനായുള്ള നിർദ്ദേശങ്ങൾ പരിഗണനയിലാണ്. സപ്ലൈകോ മുഖാന്തിരം നടപ്പാക്കാനുദ്ദേശിക്കുന്ന ഡോർ ടു ഡോർ ഡെലിവറിയുടെ സാങ്കേതിക ഉപദേശം നൽകുന്നതിനും **WFP** തയ്യാറായിട്ടുണ്ട്. ഇതിനായി **WFP**യുടെ ലോജിസ്റ്റിക്സ് വിഭാഗം തലവനായ ശ്രീ. ബർണാർഡ് ചോമിലിയർ 2014 നവംബർ മാസത്തിൽ സംസ്ഥാനം സന്ദർശിച്ചിരുന്നു. റേഷൻ വ്യാപാരികളുടെ സാമ്പത്തിക ക്ഷമത കണക്കാക്കുന്നതിനുവേണ്ടി വിശദമായ ചോദ്യാവലി തയ്യാറാക്കി കുടുംബശ്രീയുടെ സഹായത്തോടെ സർവ്വേ നടത്തി വിവരങ്ങൾ ശേഖരിച്ച് അന്തിമ റിപ്പോർട്ട് തയ്യാറാക്കി വരുന്നു. റേഷൻകടകൾ കമ്പ്യൂട്ടർവൽക്കരിക്കുന്നതിനായി ഇ-പോസ് മെഷീനുകളുടെ പരീക്ഷണം നടത്തുന്നതിനും ടെസ്റ്റ് ഡോക്യുമെന്റ് തയ്യാറാക്കുന്നതിനും **WFP** യുടെ സാങ്കേതിക സഹായം ലഭിക്കും. |
| (ഡി) | ഏതെല്ലാം മേഖലകളിലെ നവീകരണത്തിനായാണ് സഹായം ലഭിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ